ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ് (LID&EW)
അഞ്ചാംനില, സ്വരാജ് ഭവൻ
നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം - 03

ഫോൺ: 0471-2324030
ഇമെയിൽ -celsgd@gmail.com
വെബ് സൈറ്റ് www.celsgd.kerala.gov.in

നം: ഡിബി1/10940/22/CE/LID&EW

തീയതി. 29/09/2022

# സർക്കുലർ

| | | |
|---|---|---|
| വിഷയം | : | തസ്വഭവ (LID&EW) – സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ കേടുപാടുകൾ സംഭവിക്കുന്നത് – ഉത്തരവാദികളായവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്. |
| സൂചന | : | ബഹു. കേരള ഹൈക്കോടതി WP(C) 32680/2008, WP(C) 34310/2019 കേസുകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 19/07/2022-ലെ ഉത്തരവ്. |

സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന റോഡുകൾ കേടുപാടുകൾ വന്ന് ഗതാഗത യോഗ്യമല്ലാതായി തീരുന്നതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളുടെ അടിസ്ഥാനത്തിൽ സൂചന പ്രകാരം ഉത്തരവ് നിലവിൽ വന്നിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

(a) റോഡ് നിർമ്മാണം/റിപ്പയർ കഴിഞ്ഞ് ആറ് മാസത്തിനുള്ളിൽ പോട്ട് ഹോൾ ഉൾപ്പെടെയുള്ള കേടുപാടുകൾ ടി റോഡിൽ ഉണ്ടാകുകയാണെങ്കിൽ ടി നിർമ്മാണ ചുമതലുള്ള എഞ്ചിനീയർ, കരാറുകാരൻ എന്നിവർക്കെതിരെ FIR രജിസ്റ്റർ ചെയ്ത് വിജിലൻസ് അന്വേഷണം ഉൾപ്പെടെയുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. അത്തരത്തിലുള്ള അന്വേഷണങ്ങൾ 6 മാസത്തിനുള്ളിൽ പൂർത്തീകരിച്ച് ഉചിത നടപടികൾക്കായി നീതിന്യായ കോടതികളിൽ സമർപ്പിക്കേണ്ടതുമാണ്.

(b) പുതുതായി നിർമ്മാണം നടത്തുകയോ അറ്റകുറ്റ പണികൾ നടത്തുകയോ ചെയ്യുന്ന റോഡുകൾ ഒരു വർഷത്തിനുള്ളിൽ തകരാറിലാവുകയാണെങ്കിൽ നിർവ്വഹണം നടത്തുന്ന ഏജൻസി ഉത്തരവാദികളായ എഞ്ചിനീയർ, കരാറുകാർ എന്നിവർക്കെതിരെ 3 മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി മന:പൂർവ്വമായ കുറ്റമോ, അവഗണനയോ അവരുടെ ഭാഗത്ത് ഉണ്ടെന്ന് ബോധ്യപ്പെട്ടാൽ FIR രജിസ്റ്റർ ചെയ്ത് കോടതികൾ മുമ്പാകെ കേസ് എത്തിക്കേണ്ടതാണ്.

(c) മേൽ ആവശ്യങ്ങൾക്കായി നിയമ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തിയ തീയതിയാണ് പരിഗണിക്കേണ്ടത്.

മേൽ വിവരം എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.

ചീഫ് എഞ്ചിനീയർ